LIBRARY ARCHIVES Kerala Legislative Assembly

യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി

16(*196) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രിഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് കാർഷിക സാക്ഷരതാ പദ്ധതി. ശാസ്ത്ര സാങ്കേതികതയും കൃഷി സാധ്യതയും പ്രയോജനപ്പെടുത്തി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രിഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ സംഘാടനത്തിനായി യുവജനക്ഷേമ ബോർഡ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് 17-ന് കർഷക ദിനത്തിൽ കാർഷിക യുവത്വശിൽപ്പശാല ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. കൂടാതെ കാർഷിക ശില്പശാലകൾ, തെങ്ങുകയറ്റ പരിശീലനം, കാർഷിക സാക്ഷരതാ രജിസ്റ്റർ പ്രകാശനം, കൃഷി-മൃഗസംരക്ഷണ സാധ്യതകൾ പരിചയപ്പെടുത്തുന്ന സെമിനാറുകൾ, വിദ്യാർത്ഥികളെ യൂണിറ്റുകളായി തിരിച്ച് കൃഷിചെയ്യിക്കലും വിളവെടുക്കലും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി പരിശീലന പരിപാടികൾ, വിവിധ കാർഷിക വിദഗ്ധരുമായുള്ള മുഖാമുഖം, കാർഷിക വിളംബര ഘോഷയാത്ര തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.